**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 581** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ സംഘങ്ങളിലെ അഴിമതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കാക്കാഴം കരുമാടി സഹകരണ സംഘങ്ങളുടെ ഭരണ സമിതികളുമായി ബന്ധപ്പെട്ട് ഗുരുതരമായ അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** കാക്കാഴം, കരുമാടി സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങളുടെ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് പരാതികളൊന്നും വകുപ്പിൽ ലഭിച്ചിട്ടില്ല.

**(ബി)** പ്രസ്തുത സംഘങ്ങളിലെ അഴിമതികൾ യഥാസമയം കണ്ടെത്തുന്നതിനും തടയുന്നതിനും നടപടിയെടുക്കുന്നതിനും വീഴ്ചവരുത്തിയ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** 2023-2024 സാമ്പത്തിക വർഷം കാക്കാഴം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 105 (നിലവിൽ അമ്പലപ്പുഴ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.105)ലെ വളം ഡിപ്പോയിൽ നടന്ന 12,17,592/- (പന്ത്രണ്ട് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റിതൊണ്ണൂറ്റി രണ്ട്) രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തി യഥാസമയം ഓഡിറ്റ് അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി ക്രമക്കേടുമായി ബന്ധപ്പെട്ട് സംഘം ജീവനക്കാരി തുക തിരികെ അടച്ചിട്ടുള്ളതാണ്. ആയതിന് ജീവനക്കാരിയുടെ പ്രൊമോഷൻ തടഞ്ഞുകൊണ്ട് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതാണ്.

കരുമാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1141 ന്റെ 2023-2024, 2024-2025 സാമ്പത്തിക വർഷം ആസ്തി ശോഷണം, നിക്ഷേപ ശോഷണം എന്നിവയെ സംബന്ധിച്ച് ഓഡിറ്റ് വിഭാഗം അഡ്മിനിസ്ട്രേറ്റിവ് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച്ച സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

**(സി)** പ്രസ്തുത സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുകയും അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ള വർഷങ്ങളിൽ ഓഡിറ്റ് ന്യൂനതകൾ സംബന്ധിച്ച് സംഘത്തിൽ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

**(ഡി)** അമ്പലപ്പുഴ, കാക്കാഴം സഹകരണ സംഘത്തിൽ നടന്നതായി ആരോപിക്കപ്പെടുന്ന ഭൂമിയിടപാടുകൾ ഉൾപ്പെടെയുള്ള സാമ്പത്തിക ഇടപാടുകളിൽ വിജിലൻസ് അന്വേഷണം നടത്തുന്നത് പരിഗണിക്കുമോ;

**<u>മറുപടി:</u>** ഇതു സംബന്ധിച്ച് പരാതി ലഭിക്കുന്ന പക്ഷം പരാതിയിൻമേൽ അന്വേഷണം നടത്തി വിജിലൻസ് അന്വേഷണം ആവശ്യമാണെന്ന് കണ്ടെത്തുന്ന സാഹചര്യത്തിൽ ആയതിനുള്ള ശുപാർശ വിജിലൻസ് വകുപ്പിന് നൽകുന്നതാണ്.

**(ഇ)** പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശവാസികളായ ബഷീർ, വാസു എന്നിവർ വിജിലൻസ് വകുപ്പിനും വിജിലൻസ് കോടതിയിലും സമർപ്പിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** തദ്ദേശവാസികളായ ബഷിർ, വാസു എന്നിവർ നൽകിയതായി പറയപ്പെടുന്ന പരാതി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലോ സർക്കാരിലെ വിജിലൻസ് വകുപ്പിലോ ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**